LIBRARY ARCHIVES Kerala Legislative Assembly

PROCEEDINGS
of
THE TRAVANCORE LEGISLATIVE ASSEMBLY

FIRST ASSEMBLY

THIRD SESSION

SECOND MEETING.—*1949/1124*

VOL. III—NO. 15.

The Travancore Legislative Assembly met in the Legislative, Chamber, Public Offices, Trivandrum, at 11 of the clock on Wednesday the 23rd February, 1949/12th Kumbhom 1124, with th4 President (Hon'ble Mr. R. V. Thomas) in the Chair.

QUESTIONS AND ANSWERS.

ORAL ANSWERS.

ഓരോ ഇടവകഭൂമിയും കരംവകയ്ക്ക് ഒരു പറ നെല്ലിന്റെ വിലയും.

*548. **MR. ABDUL MAJEED** (*Chirayinkil III—Muslim Reserved*) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻഡ് റവന്യൂവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവിതാംകൂറിൽ ഓരോ ഇടവകക്കും എത്ര ഏക്കർ ഭൂമിവീതം ഉണ്ട് ?

(ബി) ഓരോ ഇടവകയും കരം ഈടാക്കുമ്പോൾ ഒരു പറ നെല്ലിന് എന്തു വിലവച്ചാണു വസൂൽചെയ്യുന്നത് ?

(സി) മറ്റുവക കരം ഈടാക്കുമ്പോൾ ഒരു പറ നെല്ലിന് എന്തു വിലവച്ചാണ് വസൂൽചെയ്യുന്നത് ?

HON'BLE MR. V. O. MARKOS : കാളിമാന്തർ ഇടവകയ്ക്ക് ൯൦൭൦ ഏക്കർ ൨൫ സെന്റ് സ്ഥലവും, ഇടപ്പള്ളി ഇടവകയ്ക്ക് ൩൭൫൫ ഏക്കർ ൪ സെന്റ് സ്ഥലവും പൂഞ്ഞാർ ഇടവകയ്ക്ക് ൪൦൯൩൦ ഏക്കർ ൭൩ സെന്റ് സ്ഥലവും, വഞ്ചിപ്പുഴ ഇടവകയ്ക്ക് ൩൫൫൫ ഏക്കർ ൪൩ സെന്റ് സ്ഥലവും ആണുള്ളത്.

[Hon'ble Mr. V. O. Markos].

ബി. സി. ചോദ്യങ്ങൾ അത്ര വ്യക്തമല്ല. ഓരോ ഇടവകയിലും കരം ഈടാക്കുമ്പോൾ കൺടോറംവിലവച്ചാണ് ഈടാക്കുന്നത്. ഇത് മുമ്പ് വ്യവസ്ഥ ചെയ്തിട്ടുള്ളത് തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളിൽ കോട്ടയ്ക്ക് ഫ 0 രൂപാ ഫ ക ചക്രം ഫ ക കാശും ബാക്കി സ്ഥലങ്ങളിൽ പറയ്ക്ക് ഫ രൂപാ ൈ ചക്രവുമാണ്.

MR. ABDUL AZIZ (*Trivandrum I—Muslim*): എന്തു വിലവച്ചു നെല്ലെടുക്കുന്നു എന്നല്ല ചോദ്യം. കരമായി ഇടവകയിൽനിന്നും പിരിക്കുമ്പോൾ ഒരു പറ നെല്ലിന് ഏത് റേറ് വച്ച് എടുക്കുന്നു എന്നാണ്.

HON'BLE MR. V. O. MARKOS രണ്ടര രൂപയാണ്.

MR. P. NANOO (*Chirayinkil II—General*): അതിൽ ഒരു രൂപാ ബോണസ്സല്ലേ?

HON'BLE MR. V. O. MARKOS: അതേ. എങ്കിലും അതു ചേർത്താണ് പിരിക്കുന്നത്.

MR. K. SIVARAMA PILLAI (*Thovala—General*): ശ്രീ. പണ്ടാരവകയിൽനിന്നും എത്ര രൂപയാണ് ഒരു പറ നെല്ലിന് ഈടാക്കുന്നത്?

HON'BLE MR. V. O. MARKOS: രണ്ടര രൂപാ.

MR. K. SIVARAMA PILLAI: ശ്രീപണ്ടാരവസ്തുക്കളിൽ കരം ഈടാക്കുന്നതിനു രണ്ടേമുക്കാൽ രൂപക്ക് നോട്ടീസ് അയച്ചിരിക്കുന്നതായറിയാമോ?

HON'BLE MR. V. O. MARKOS: അറിവില്ല. ഉണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം.

MR. P. NANOO: Commutation Price എന്നു പറയുന്നത് ബോണസ്സ് ഉൾപ്പെടെയുള്ളതാണോ?

HON'BLE MR. V. O. MARKOS: Commutation Price എന്നു പറയുന്നത് പറക്ക് ഒരു രൂപാ ഏഴ ചക്രം വീതമാണ്.

MR P. NANOO: എന്നുമുതലാണ് റേറ് നിശ്ചയിച്ചിട്ടുള്ളത്.

HON'BLE MR. V. O. MARKOS: അതു നിശ്ചയമില്ല. അതിലേക്ക് ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചാണ് ഈ റേറ് നിശ്ചയിച്ചിട്ടുള്ളത്.

MR. K. A. MATHEW (*Thiruvalla IV—General*): ഒരു ബോണസ്സ് കൃഷിക്കാർക്കു കൊടുക്കുന്നതിനു വ്യവസ്ഥയുണ്ടോ?

HON'BLE MR. V. O. MARKOS: നെല്ലു വിൽക്കുന്നവനാണ് ബോണസ്സ് കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. PANDAVATHU SANKARA PILLAI (*Karthikapalli III—General*) : ഈ ഒരു രൂപാ ബോണസായിരിക്കുന്നതുകൊണ്ട് നെല്ലുവിലയായ ഒന്നര രൂപാ മാത്രമെ നെല്ലിനു പകരം കരമായി ഇടാക്കുവാൻ പാടുള്ളൂ എന്നു വ്യവസ്ഥ ചെയ്യുമോ ?

HON'BLE MR. V. O. MARKOS : അതേപ്പറ്റി ആലോചിക്കാം.

MR. P. NANOO : രണ്ടര രൂപാവച്ചു കരം പിരിക്കുന്നതു് കുടിയാനു വന്മാക്കു ഒരു ഭാരമാണെന്നറിയാമോ ?

HON'BLE MR. V. O. MARKOS : അറിയാം. അതിനെക്കുറിച്ചു ആലോചിക്കുന്നുണ്ട്.

* *Fruit Farm at Vattavadai.*

* 549. DR. M. O. CHERIYAN (*Devicolam—General*): Will the Hon'ble Minister for Agriculture be pleased to state when was the Fruit Farm at Vattavadai in Devicolam taluk started?

HON'BLE MR. V. O. MARKOS: In the month of Meenom 1121.

കായിക്കര-വക്കലറോഡ്.

* 550. MR. MANKUZHI M. MADHAVAN (*Chirayinkil III—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പി. ഡബ്ലിയു. വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ?

ചിറയിൻകീഴതാലൂക്കിൽ കായിക്കര-വക്കലറോഡിൽ വക്കല തോടിനു കുറുകെ നെടുങ്ങണ്ട വാഹനഗതാഗതയോഗ്യമായ ഒരു പാലം കെട്ടിക്കുന്നതിനെസംബന്ധിച്ചു് നിവേദനം കിട്ടിയതനുസരിച്ചു് ബഹു മാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രി സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ആ സ്ഥലം പരിശോധനനടത്താൻ മന്ത്രി പോയതായിട്ടു രേഖയില്ല. എന്നാൽ നിവേദനം ഫോർ കന്നി ഓണം മന്ത്രി മി. അച്യുതനെ ഏല്പിച്ചതായിട്ടും അതനുസരിച്ചു നടപടി നടത്തുന്നതിനായിട്ടു ഏർപ്പാടു ചെയ്തതായും അറിയാം.

MR. MANKUZHI M. MADHAVAN : അതനുസരിച്ചു എന്തു നടപടി നടത്തിയെന്നറിയാമോ ?

HON'BLE MR. K. R. ELANKATH : ചീഫ് എഞ്ചിനീയരെക്കൊണ്ടു്, സ്ഥലം പരിശോധന നടത്തി എസ്റ്റിമേറു് തയാറാക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

MR. P. NAVOO : ഈ സ്ഥലം പരിശോധന ഇപ്പോഴത്തെ മന്ത്രി നടത്തുമോ ?

* This question was not asked by the member.

LIBRARY ARCHIVES Kerala Legislative Assembly